ഉത്തരം

(എ) ആദിവാസികൾക്ക് 7693.2257 ഹെക്ടർ നിക്ഷിപ്ത വനഭൂമി വിട്ടു കൊടുക്കുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്നും ഉപാധികൾക്കു വിധേയമായി അനുമതി ലഭിച്ചിട്ടുണ്ട്. വനഭൂമി വിട്ടുകൊടുക്കുന്നതിന് യൂസർ ഏജൻസിയിൽ നിന്നും നെറ്റ് പ്രസന്റ് വാല്യൂ ഈടാക്കണമെന്ന നിബന്ധന ഒഴിവാക്കി കിട്ടുന്നതിനായി സംസ്ഥാന സർക്കാർ സുപ്രീം കോടതി മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) 30173 ഏക്കർ (12196 ഹെക്ടർ) വനഭൂമി വിട്ടുനൽകണമെന്നാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നത്.

(സി) ആദിവാസികൾക്ക് പതിച്ചു നൽകുന്നതിന് എത്ര ഏക്കർ ഭൂമി വേണ്ടിവരുമെന്ന് വനംവകുപ്പ് കണക്കാക്കിയിട്ടില്ല. എന്നാൽ ആകെ വേണ്ടിവരുന്ന വനഭൂമി 30173 ഏക്കർ ആണെന്ന് കണക്കാക്കിയിട്ടുണ്ട്.

(ഡി) ഇതിനായി ആദ്യഘട്ടമായി 19033 ഏക്കർ ഭൂമിക്ക് കേന്ദ്രത്തിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്.

(ഇ) കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയപ്പോൾ സംസ്ഥാന സർക്കാർ ചില വ്യവസ്ഥകൾ പാലിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വ്യവസ്ഥകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(എഫ്) കേന്ദ്ര സർക്കാരിന്റെ വ്യവസ്ഥകൾ പാലിക്കുന്നതിനായി പാട്ടക്കാലാവധി കഴിഞ്ഞ വനഭൂമി ഏറ്റെടുക്കേണ്ട ആവശ്യമില്ല.

മതികെട്ടാനിൽ കാന വെട്ടി വെള്ളം തമിഴ്നാട്ടിലേയ്ക്ക് തിരിച്ചുവിട്ട നടപടി

107 [1241] ശ്രീ. ജോർജ് ജെ. മാത്യു:
„ അടൂർ പ്രകാശ്:
„ വി. ഡി. സതീശൻ:
„ പി. ടി. തോമസ്:
„ എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മതികെട്ടാനിൽ കാന വെട്ടി വെള്ളം തമിഴ്നാട്ടിലേയ്ക്ക് തിരിച്ചു വിടുവാൻ ശ്രമം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ പിന്നിൽ ആരാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ ജോലിക്ക് തൊഴിലാളികളെ അവിടേയ്ക്ക് നിയോഗിച്ചതാരാണ്;

(ഡി) സ്വകാര്യ തോട്ടമുടമകളുടെ ഭൂമിയിൽ കൂടിയാണോ കാന വെട്ടിയത്;

(ഇ) എങ്കിൽ അവർ കാന വെട്ടുന്നതിനെ എതിർത്തിരുന്നോ;

(എഫ്) ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

† നിയമസഭാലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) 'എ'-യുടെ മറുപടിയുടെ വെളിച്ചത്തിൽ പ്രസക്തമല്ല.

(സി—ഇ) ബാധകമല്ല.

(എഫ്) ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ വനം വകുപ്പ് ഉദ്യോഗസ്ഥർ കർശന നടപടി സ്വീകരിക്കുന്നതാണ്.

വനംവകുപ്പിന്റെ കീഴിലുള്ള തരിശുഭൂമിയും തേക്കുകൃഷിയും

108 [1242] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ കൈവശത്തിൽ തരിശുഭൂമി ഉണ്ടോ എന്നറിയിക്കുമോ; എങ്കിൽ എത്ര ഹെക്ടർ എന്നു വെളിപ്പെടുത്തുമോ;

(ബി) ഈ ഭൂമി സംരക്ഷിക്കുന്നതിന് പ്രത്യേക ഉദ്യോഗസ്ഥൻമാരെ നിയമിച്ചിട്ടുണ്ടോ;

(സി) ഇങ്ങനെയുള്ള ഭൂമി തോട്ടമുടമകളും സ്വകാര്യ വ്യക്തികളും ഫോറസ്റ്റ് ട്രൈബ്യൂണലിന്റെ വിധി സമ്പാദിച്ചുകൊണ്ടോ മറ്റ് വിധത്തിലോ കൈവശപ്പെടുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ ഭൂമി സംരക്ഷിക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തുമോ;

(ഇ) ഈ ഭൂമി തേക്കുകൃഷിക്ക് ഉപയോഗിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് വനംവകുപ്പിന്റെ കൈവശത്തിൽ തരിശുഭൂമി ഒന്നും ഇല്ല.

(ബി—ഇ) 'എ'-യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly